പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5297. 05-07-2012 ന് മറുപടിയ്ക്ക്

മൃഗത്തോൽ വീട്ടിൽ സൂക്ഷിക്കുന്നവർക്കെതിരെ
പൊതു താൽപ്പര്യഹർജി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു.എം.പാലിശ്ശേരി :<br>ശ്രീ. ബി. സത്യൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. ആർ. രാജേഷ് : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) വന്യമൃഗങ്ങളെ വേട്ടയാടി അവയുടെ തോലും മറ്റ് ശരീര ഭാഗങ്ങളും കൈവശം വയ്ക്കുന്നത് തടയുന്നതിന് നിലവിലെ നിയമ വ്യവസ്ഥ എന്തൊക്കെ ആണെന്ന് വ്യക്തമാക്കാമോ ; | എ) 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം മൃഗങ്ങളെ വേട്ടയാടുന്നതും അവയുടെ ശരീര ഭാഗങ്ങൾ സൂക്ഷിക്കുന്നതും കുറ്റകരമാണ്. |
| ബി) സംസ്ഥാനത്ത് ഈ വ്യവസ്ഥകൾ നടപ്പിലാക്കാനുള്ള ബാദ്ധ്യതകൾ ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) സംസ്ഥാനത്ത് ചീഫ് വൈൽഡ് ലൈഫ് വാർഡനോ, 1927 ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്ട് വിവക്ഷിച്ചിട്ടുള്ള വനം വകുപ്പ് ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥനോ ഈ വ്യവസ്ഥകൾ നടപ്പിലാക്കാനുള്ള അധികാരമുണ്ട്. |

.....2

| | |
|---|---|
| സി) വന്യമൃഗങ്ങളുടെ തോൽ വീട്ടിൽ സൂക്ഷിക്കുന്നവരെയും ആ വിവരം ലഭിച്ചാൽ റിപ്പോർട്ട് ചെയ്യാത്തവരെയും ശിക്ഷിക്കാൻ വന്യജീവി നിയമത്തിൽ വ്യവസ്ഥയുണ്ടോ ; എങ്കിൽ ഇപ്രകാരം തോൽ സൂക്ഷിക്കുന്ന വരെയും ആ വിവരം റിപ്പോർട്ട് ചെയ്യാത്തവരെയും കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ; | സി) ഉണ്ട്. അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നുണ്ട്. |
| ഡി) മൃഗത്തോൽ വീട്ടിൽ സൂക്ഷിക്കുന്നവരെ തനിക്കറി യാമെന്ന ചില അധികാരികളുടെ പ്രഖ്യാപനത്തിന് ആധാരമായ വസ്തുതകൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ ; | ഡി) ചോദ്യത്തിൽ ഏത് അധികാരി യെയാണ് എന്ന് വ്യക്തമാക്കാത്തതിനാൽ ഉത്തരം ഉദിക്കുന്നില്ല. |
| ഇ) ഈ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | ഇ) ബാധകമല്ല. |
| എഫ്) ഈ വെളിപ്പെടുത്തൽ സംബന്ധിച്ച് ഏതെങ്കിലും പൊതു താൽപ്പര്യ ഹർജി ഹൈക്കോടതി യിൽ വന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ? | എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ